**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 18

**28.05.2019**-ൽ മറുപടിക്ക്

## വിവിധ വകുപ്പുകളിൽ സമയബന്ധിതമായി പ്രമോഷൻ

| **ചോദ്യം**<br>ശ്രീ.എം.രാജഗോപാലൻ | | **ഉത്തരം**<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | വിവിധ വകുപ്പുകളിൽ പ്രമോഷന്റെ ഭാഗമായി ഡി.പി.സി. കൂടുന്നതിന് വലിയതോതിലുള്ള കാലതാമസം ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് രണ്ടാം ഭാഗം ചട്ടം 28(b)(i)(4)-ൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും, ഡി.പി.സി കൂടി സെലക്റ്റ് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിനും സമയക്ലിപ്തത നിർദ്ദേശിച്ചിട്ടുണ്ട്. ടി സമയ ക്ലിപ്തത പാലിച്ചു കൊണ്ട് ഡി.പി.സി യോഗങ്ങൾ ചേർന്ന് സെലക്റ്റ് ലിസ്റ്റുകൾ തയ്യാറാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എല്ലാ സെക്രട്ടറിമാർക്കും വകുപ്പദ്ധ്യക്ഷൻമാർക്കും നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | സെക്രട്ടേറിയറ്റ് ജീവനക്കാരെ പോലെ മറ്റ് ജീവനക്കാർക്കും സമയബന്ധിതമായി പ്രമോഷൻ കിട്ടാൻ നടപടികൾ ഉണ്ടാകുമോ എന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**